**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

മത്സ്യബന്ധന തുറമുഖ വകുപ്പ് - ഹൈഡ്രോഗ്രാഫിക് സർവ്വേ വിംഗിന്റെ ആസ്ഥാനമന്ദിരത്തിന്റെ നിർമ്മാണ പ്രവർത്തികൾക്കായി ചെലവായ ബിൽ തുക ചീഫ് ഹൈഡ്രോഗ്രാഫറുടെ STSB Account -ൽ നിന്നും മാറി നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

---

**മത്സ്യബന്ധന തുറമുഖ (ഡി) വകുപ്പ്**

**സ.ഉ.(സാധാ) നം.739/2018/മ.തു.വ** തീയതി,തിരുവനന്തപുരം, 17/09/2018

---

പര 1
ാമർ
ശം:- ചീഫ് ഹൈഡ്രോഗ്രാഫറുടെ 19/04/2018 ലെ ബി2-1356/12 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ഹൈഡ്രോഗ്രാഫിക് സർവ്വേ വിംഗിന്റെ ആസ്ഥാനമന്ദിര നിർമ്മാണത്തിന്റെ പൂർത്തിയാക്കിയ പ്രവൃത്തികൾക്ക് നല്കാനുള്ള 45,36,650/- രൂപ ഹാർബർ എഞ്ചിനീയറിംഗ് വിഭാഗത്തിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നല്കുന്നതിനായി വെള്ളയമ്പലം സബ് ട്രഷറിയിലെ STSB Accountൽ നിന്നും 8443-00-108-00-00-PW Deposits എന്ന ശീർഷകത്തിൽ ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ടുമെന്റ്, എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേക്ക് കൈമാറ്റം ചെയ്യുന്നതിന് അനുമതി നൽകണമെന്ന് പരാമർശ കത്തിൽ ചീഫ് ഹൈഡ്രോഗ്രാഫർ അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഈ വിഷയം പരിശോധിച്ചു. STSB Account -ൽ നിന്നും തുക പ്രസ്തുത PW Deposits ലേക്ക് കൈമാറ്റം ചെയ്യുന്നതിന് അനുമതി നൽകുവാൻ നിർവ്വാഹമില്ലാത്ത സാഹചര്യത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ അംഗീകരിച്ച ബിൽ തുകയായ 45,36,650/- രൂപ (നാല്പത്തിയഞ്ച് ലക്ഷത്തി മുപ്പത്തിയാറായിരത്തി അറുന്നൂറ്റിയൻപത് രൂപാ മാത്രം) ചീഫ് ഹൈഡ്രോഗ്രാഫറുടെ STSB Account -ൽ നിന്നും മാറി നൽകുവാൻ അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**റഷീദാ എസ്**

**അണ്ടര് സെക്രട്ടറി**

പകർപ്പ്

ചീഫ് ഹൈഡ്രോഗ്രാഫർ, ഹൈഡ്രോഗ്രാഫിക് സർവ്വേ വിംഗ്, തിരുവനന്തപുരം.

ചീഫ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.

പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്.

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ